"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ബഹു. തിരുവനന്തപുരം നഗരസഭ മേയർ ശ്രീമതി ആര്യ രാജേന്ദ്രൻ.എസ് - ന് യു.കെയിൽ ബ്രിട്ടീഷ് പാർലമെന്റിൽ 13.09.2025 - ന് നടക്കുന്ന ചടങ്ങിൽ പങ്കെടുക്കുന്നതിന് വിമാന യാത്രയ്ക്ക് അനുമതി നൽകിയും ആയതിനുള്ള യാത്രാചെലവ് നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിക്കൊണ്ടും ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2195/2025/LSGD തീയതി,തിരുവനന്തപുരം, 11-09-2025

---

പരാമർശം:-

1. വേൾഡ് ബുക്ക് ഓഫ് റെക്കോർഡ്സിൽ നിന്നുള്ള 22.08.2025 തീയതിയിലെ 079/2025 നമ്പർ ക്ഷണക്കത്ത്.
2. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 29.08.2025 തീയതിയിലെ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭ സുസ്ഥിര വികസന മേഖലയിൽ നടത്തിയ മാതൃകാപരമായ പ്രവർത്തനങ്ങളുടെ ഭാഗമായി ബഹു. തിരുവനന്തപുരം നഗരസഭ മേയർക്ക് ബ്രിട്ടീഷ് പാർലമെന്റിൽ 13.09.2025- ന് നടക്കുന്ന ചടങ്ങിൽ സർട്ടിഫിക്കറ്റ് ഓഫ് എക്സലൻസ് നൽകി ആദരിക്കുന്നതിന് പരാമർശം - 1 പ്രകാരം വേൾഡ് ബുക്ക് ഓഫ് റെക്കോർഡ്സിൽ നിന്നും ക്ഷണം ലഭിച്ചിരുന്നു. തിരുവനന്തപുരം നഗരസഭ 09.08.2025-ന് പുത്തരിക്കണ്ടം മൈതാനത്ത് വച്ച് 6000 - ത്തിലധികം സ്കൂൾ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം നടത്തിയ സീഡ് ബോൾ ക്യാമ്പയിനിന്റെ ഭാഗമായി നഗരസഭയ്ക്ക് ലഭിച്ച വേൾഡ് ബുക്ക് ഓഫ് റെക്കോർഡ് ഈ അവസരത്തിൽ സ്വീകരിക്കുന്നതിനും നഗരസഭയ്ക്കായി ഔദ്യോഗിക അംഗീകാരം കൈപ്പറ്റുന്നതിന് ബഹു. മേയർ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നതിനും ആയതിനുള്ള ചെലവ് നഗരസഭ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയ്ക്കുമായി പരാമർശം - 2 പ്രകാരം തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ബഹു.തിരുവനന്തപുരം നഗരസഭ മേയർ ശ്രീമതി ആര്യ രാജേന്ദ്രൻ.എസ് ന് യു.കെയിലെ ബ്രിട്ടീഷ് പാർലമെന്റിൽ 13.09.2025 ന് നടക്കുന്ന ചടങ്ങിൽ പങ്കെടുക്കുന്നതിന് വിമാന യാത്രയ്ക്ക് അനുമതി നൽകിയും ആയതിനുള്ള യാത്രാചെലവ് നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുവാദം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

മേയർ /സെക്രട്ടറി, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD-EM2/167/2025-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 11-09-2025 12:49:42

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. ന്

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.